പഞ്ചായത്താക്ട്.

458. [37] ശ്രീ. പ്രാക്കുളം ഭാസി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) പഞ്ചായത്തുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനുവേണ്ടി നിലവിലുള്ള പഞ്ചായത്താക്ട് ഭേദഗതി ചെയ്യുന്നകാര്യം ഇപ്പോഴും ഗവണ്മെന്റിന്റെ പര്യാലോചനയിൽ ഇരിക്കയാണോ;

(ബി) ഭേദഗതി ചെയ്യണമെന്ന് വളരെ അധികം നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) പഞ്ചായത്താക്ടിൽ ഭേദഗതികൾ വരുത്തുന്നകാര്യം പര്യാലോചിച്ചുവരികയാണ്.

(ബി) ഏതാനും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

മരച്ചീനി സഹകരണസംഘങ്ങൾ.

459. [38] ശ്രീ. കെ. പി. ഹാർമിസ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരച്ചീനി വാങ്ങൽ പദ്ധതിയനുസരിച്ചു എത്ര സഹകരണ സംഘം രജിസ്റ്റർചെയ്തിട്ടുണ്ട്;

(ബി) ആ സഹകരണസംഘങ്ങൾ വഴിയായി ആകെ എത്ര ടൺ മരച്ചീനി വാങ്ങി;

(സി) എത്ര ടൺ വിറ്റു;

(ഡി) മരച്ചീനികർഷകനു മേൽ നടപടിയൊണ്ട് എന്തെങ്കിലും വികസനം ലഭിച്ചതായി ഗവണ്മെന്റിനു ബോധ്യമായിട്ടുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) പുതിയതായി 194 മരച്ചീനി സഹകരണസംഘങ്ങൾ രജിസ്റ്റർചെയ്തു. നിലവിലിരുന്ന 3 സംഘങ്ങൾ മരച്ചീനി സംഘങ്ങളായി പരിവർത്തനം ചെയ്തതുൾപ്പടെ ഇപ്പോൾ 197 മരച്ചീനി സഹകരണ സംഘങ്ങൾ പ്രവർത്തനത്തിലുണ്ട്.

(ബി) സഹകരണസംഘങ്ങൾ വഴിയായി ആകെ 9794 ടൺ, 3 ഹ. 2 കാ. 27 പറങ്ങ് ഉണക്കിയ മരച്ചീനി ഗവണ്മെൻറിൽനിന്നു വിലക്കുവാങ്ങി.

(സി) വിൽപ്പന ഇതുവരെ തുടങ്ങിയിട്ടില്ല.

(ഡി) മരച്ചീനി ഗവണ്മെൻറിൽനിന്നു വിലയ്ക്കു് എടുത്തതുമൂലം മാർക്കറ്റിൽ അൽപ്പം വിലകൂടുകയും, കൃഷിക്കാർക്ക് കുറച്ചു് ആശ്വാസം ലഭിക്കുകയും ചെയ്തു.

വികസനപദ്ധതി അനുസരിച്ചുള്ള മരാമത്തുജോലികൾ.

460. [39] ശ്രീ. ടി. ഒ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെൻറിന്റെ വികസനപദ്ധതി അനുസരിച്ചുള്ള പൊതുമരാമത്തു ജോലികൾക്ക് പഞ്ചായത്തുതോറും കോട്ടാ നിശ്ചയിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly